(ഡി) നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വിശദമാക്കാമോ; എന്ന് മുതൽക്കുള്ള സംഭരണ വിലയാണ് കുടിശ്ശികയായിട്ടുള്ളത്; നെല്ല് സംഭരണത്തിനായി ഈ സാമ്പത്തിക വർഷം സർക്കാർ സപ്ലൈകോയ്ക്ക് ഇതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ബാക്കി നൽകാനുള്ള തുകയെത്ര; ഇത് എന്നത്തേക്ക് കൊടുക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം തടസ്സപ്പെട്ടിട്ടില്ല.

(ബി) 2014-15 ഒന്നാം സീസണിൽ ഇതുവരെ സപ്ലൈകോയ്ക്ക് 1.27 ലക്ഷം മെ. ടൺ നെല്ല് സംഭരിച്ചു.

(സി) ഇല്ല.

(ഡി) 2014-15 ഒന്നാം സീസണിൽ ഇതുവരെ സംഭരിച്ച നെല്ലിന്റെ വിലയായ 243.56 കോടി രൂപയിൽ 190.72 കോടി രൂപ സപ്ലൈകോ കർഷകർക്ക് നൽകി കഴിഞ്ഞു. ഇനി 52.84 കോടി രൂപ കർഷകർക്ക് നൽകേണ്ടതുണ്ട്. 6-11-2014 മുതൽക്കുള്ള സംഭരണ വിലയാണ് കുടിശ്ശികയായുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ഈയിനത്തിൽ 145 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ 150.93 കോടി രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക സപ്ലൈകോയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സബ്സിഡി സാധനങ്ങളുടെ വിലവർദ്ധനവ്

275 (1332) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ സപ്ലൈകോ വാങ്ങുന്ന സാധനങ്ങൾ കൂടിയ വിലയ്ക്കാണ് വിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുത്തക ഉൽപ്പന്നങ്ങൾ കേന്ദ്രീകൃത പർച്ചേസിംഗിലൂടെ വാങ്ങുന്നത് സാധനങ്ങളുടെ വില വർദ്ധിക്കുന്നതിനിടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സപ്ലൈകോയുടെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുവരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ സബ്സിഡി വില പൊതുവിപണി വിലയേക്കാൾ ശരാശരി 20 ശതമാനം മുതൽ 35 ശതമാനം വരെ കുറവാണ്.

(ബി) ഇല്ല.

(സി) 1-12-2014 മുതൽ സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർ നിർണ്ണയിച്ചിട്ടുണ്ട്.

നന്മണ്ട പഞ്ചായത്തിലെ മാവേലി സ്റ്റോർ

276 (1333) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട പഞ്ചായത്തിലെ ചീക്കിലോടിൽ പുതുതായി അനുവദിച്ച മാവേലി സ്റ്റോർ തുടങ്ങാനുള്ള കാലതാമസത്തിന് കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത മാവേലി സ്റ്റോർ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചീക്കിലോട് പ്രദേശത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിരുന്ന കെട്ടിടം, കെട്ടിട ഉടമ മറ്റ് ആവശ്യങ്ങൾക്കായി നൽകിയതിനാലും, ഗ്രാമപഞ്ചായത്ത് അനുയോജ്യമായ മറ്റൊരു കെട്ടിടം ഇതുവരെ കണ്ടെത്തി നൽകാത്തതിനാലുമാണ് ചീക്കിലോടിൽ പുതുതായി അനുവദിച്ച മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്.

(ബി) സപ്ലൈകോയുടെ മാനദണ്ഡ പ്രകാരമുള്ള അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് ചീക്കിലോടിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതാണ്.